പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 320

09.04.2013 -ൽ മറുപടിയ്ക്ക്

ഇന്ധനങ്ങളുടെ അളവിൽ വരുത്തുന്ന കൃത്രിമം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പെട്രോൾ പമ്പുകളിൽ നിന്ന് നൽകുന്ന പെട്രോൾ, ഡീസൽ എന്നിവയുടെ അളവിലുള്ള കൃത്രിമം കണ്ടെത്താൻ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ അളവിലുള്ള കൃത്രിമം കണ്ടെത്തുവാൻ എല്ലാ ജില്ലകളിലും ഫ്ലയിംഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. മാസം കുറഞ്ഞത് 20 പമ്പുകൾ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനകൾ നടക്കുന്നുണ്ട്. അളവിൽ കുറവ്, കൃത്രിമങ്ങൾ എന്നിവ കണ്ടെത്തിയാൽ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ സർക്കാർ ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 35 (മുപ്പത്തി അഞ്ച്) കേസുകൾ എടുത്തിട്ടുണ്ട്. |
| (സി) എത്ര പെട്രോൾ പമ്പുകൾക്കെതിരെ നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ ; | (സി) 35 (മുപ്പത്തി അഞ്ച്) പെട്രോൾ പമ്പുകൾക്കെതിരെ നടപടി എടുത്തു. |
| (ഡി) മാസത്തിലൊരിക്കൽ പമ്പുകളിൽ പരിശോധന നടത്തുന്നതിനായി സ്ക്വാഡ് പ്രവർത്തനം വിപുലീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) അസിസ്റ്റന്റ് കൺട്രോളർ ജനറൽ ഉൾപ്പെടെ എല്ലാ അസിസ്റ്റന്റ് കൺട്രോളർ (ഫ്ലയിംഗ് സ്ക്വാഡ്) മാരും പ്രതിമാസം 20 പമ്പുകളിൽ മിന്നൽ പരിശോധന നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കർശനമായി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ